**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 638** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ എക്സൈസ് ചെക്ക് പോസ്റ്റുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കട്ടക്കര(നെട്ട) എന്നീ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ പരിശോധന ശക്തമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം എക്സൈസ് ഡിവിഷനിലെ അമ്പൂരി, കട്ടക്കര (നെട്ട) എന്നീ അതിർത്തി പ്രദേശങ്ങളിലൂടെ ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി Kerala Excise Mobile Intervention Unit (KEMU) 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ, സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടിയും പ്രസ്തുത അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തിവരുന്നു. അതിർത്തി പ്രദേശങ്ങളിലൂടെയുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനായി ബന്ധപ്പെട്ട എക്സൈസ് റേഞ്ച് ഓഫീസുകളുടെ നേതൃത്വത്തിൽ വാഹന പരിശോധന, പട്രോളിങ്, രഹസ്യവിവര ശേഖരണം എന്നിവ ശക്തമാക്കി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത പ്രദേശങ്ങളിൽ എക്സൈസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** അമ്പൂരി, കട്ടക്കര(നെട്ട) എന്നിവിടങ്ങളിൽ സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിരവധി പാലങ്ങളും ബൈറോഡുകളും നിലവിൽ വന്ന സാഹചര്യത്തിൽ, ഒരു നിശ്ചിത സ്ഥലത്ത് മാത്രമായി വാഹന പരിശോധന നടത്തുന്നതിനേക്കാൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും വാഹന പരിശോധന നടത്തുന്നതിന് Kerala Excise Mobile Intervention Unit (KEMU) സംവിധാനത്തിന് കഴിയുന്നതിനാൽ, അമ്പൂരി, കട്ടക്കര (നെട്ട) ഉൾപ്പെടെയുള്ള അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ KEMU യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**(ഡി)** അതിർത്തി കടന്നുള്ള ലഹരിക്കടത്ത് തടയുന്നതിനായി എക്സൈസ്, പോലീസ് വകുപ്പുകളുടെ സംയുക്ത പരിശോധനയും നിരീക്ഷണവും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ലഹരി കടത്ത് തടയുന്നതിനായി കേരള പോലീസുമായും തമിഴ്നാട് പോലീസുമായും സഹകരിച്ച് എക്സൈസ് വകുപ്പ് സംയുക്ത വാഹന പരിശോധനകളും നിരീക്ഷണവും നടത്തിവരുന്നുണ്ട്. തമിഴ്നാട് പോലീസുമായി സംയുക്ത യോഗങ്ങൾ സംഘടിപ്പിച്ച് ലഹരി കടത്തുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങളും സ്ഥിരം കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങളും പരസ്പരം കൈമാറിവരുന്നു. ഇത്തരത്തിൽ പരസ്പര ഏകോപനവും വിവര കൈമാറ്റവും ശക്തിപ്പെടുത്തി അതിർത്തി കടന്നുള്ള ലഹരി കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**